ആശയവിനിമയത്തിനും
സംസ്കാരവിനിമയത്തിനും
മൊബൈൽ ഫോൺ നൽകുന്ന
സാധ്യതകളും അത് നമ്മുടെ
ഭാഷയെയും സംസ്കാരത്തെയും
എങ്ങനെ പുനർനിർമിക്കുന്നു എന്നും
ഈ പുസ്തകത്തിൽ വിശകലനം
ചെയ്യുന്നു.



# മൊബൈൽ ഫോൺ

## സംസ്കാരനിർമിതിയുടെ നവമാധ്യമം

ഡോ. ബിനു സചിവോത്തമപുരം

SIL-4781
വില ₹ 120/-

ISBN 978-81-200-4781-5

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

291



# മൊബൈൽ ഫോൺ

## സംസ്കാരനിർമിതിയുടെ നവമാധ്യമം

ഡോ. ബിനു സചിവോത്തമപുരം

2086 -

LIBRARY

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2086 ............... Call No.........................

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

*Malayalam*
**MOBILE PHONE: SAMSKARANIRMITHIYUDE NAVAMADHYAMAM
(MOBILE PHONE-THE NEW MEDIUM OF CULTURE)
BY DR. BINU SACHIVOTHAMAPURAM**

First Published : November 2017
Second Edition : December 2019

*Reset at*
SIL-DTP Section

*Printed at*
Vijnanamudranam Press
Thiruvananthapuram - 695 003

*Published by*
The State Institute of Languages, Kerala
Thiruvananthapuram - 695 003
☎ 0471-2316306, 2314768

© The State Institute of Languages, Kerala,
Thiruvananthapuram - 2017

Copies : 1000

**SIL** / 4781 **Price: ₹ 120/-**

*Published by the State Institute of Languages, Kerala, Thiruvananthapuram, under the scheme for production of text books and literature in regional languages, at the University level sponsored by the Government of India, Ministry of Human Resource Development (Department of Culture), New Delhi.*

ISBN-978-81-200-4781-5

# മൊബൈൽ ഫോൺ: സംസ്കാരനിർമിതിയുടെ നവമാധ്യമം

ഡോ. ബിനു സചിവോത്തമപുരം

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
തിരുവനന്തപുരം

## ഡോ. ബിനു സചിവോത്തമപുരം

കോട്ടയം ജില്ലയിലെ സചിവോത്തമപുരം സ്വദേശി. ഗണിതശാസ്ത്രത്തിൽ ബിരുദം, മലയാളസാഹിത്യത്തിൽ ബിരുദാനന്തര ബിരുദം, എം.ഫിൽ, പി. എച്ച്.ഡി. നവമാധ്യമങ്ങളെക്കുറിച്ചുള്ള പഠനത്തിനാണ് ഡോക്ടറേറ്റ് ലഭിച്ചത്. പരസ്യരംഗത്തും പ്രവർത്തനപരിചയം. ഒരു അധഃകൃതൻ ചരിത്രത്തിലിടപെടുമ്പോൾ, സ്വത്വപ്രതിസന്ധി (കഥാസമാഹാരങ്ങൾ), എഴുത്തും വായനയും: പാഠവിമർശനം (പഠനം), സിലബിൾ (കവിതകളും കവിതാപഠനങ്ങളും, ഡോ. എം.ബി മനോജുമൊത്ത് എഡിറ്റ് ചെയ്തത്) തുടങ്ങിയ കൃതികൾ പ്രസിദ്ധീകരിച്ചു. തകഴി കഥാപുരസ്കാരം, സംസ്കൃതി കഥാപുരസ്കാരം, ബഷീർ കഥാപുരസ്കാരം, ദേശാഭിമാനി കഥാപുരസ്കാരം, കലാകൗമുദി കഥാപുരസ്കാരം, പൂർണ്ണാ ഉറൂബ് കഥാപുരസ്കാരം, അങ്കണം ടി. വി കൊച്ചുബാവാ കഥാപുരസ്കാരം, മാധ്യമം വെളിച്ചം കഥാപുരസ്കാരം, നെടുങ്കിറ സാഹിത്യപുരസ്കാരം, തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിലെ അധ്യാപകനാണ്.

**വിലാസം**
മലയിൽ വീട്
സചിവോത്തമപുരം പി ഒ
കോട്ടയം-32
ഫോൺ: 09497325564
email- binusachivothamapuram@ gmail.com

| | | |
|---|---|---|
| ജനറൽ എഡിറ്റർ | : | പ്രൊഫ.വി. കാർത്തികേയൻ നായർ |
| എഡിറ്റർ | : | വിദ്യ. എസ് |
| കവർ ഡിസൈൻ | : | പ്രോഗ്രസ്സീവ് ഗ്രാഫിക്സ് |
| General Editor | : | Prof. V. Karthikeyan Nair |
| Editor | : | Vidya S |
| Cover Design | : | Progressive Graphics |

## ആമുഖം

ആധുനിക മനുഷ്യരുടെ സംസ്കാരത്തിലും ജീവിതത്തിലും അഭേദ്യബന്ധം പുലർത്തുന്ന ആശയവിനിമയോപാധിയായ ഇലക്ട്രോണിക് ഉപകരണമാണ് മൊബൈൽ ഫോൺ. ടെലിഫോണിന്റെ തുടർച്ച എന്ന നിലയിലാണ് മൊബൈൽ ഫോണിനെ പൊതുവേ പരിഗണിക്കപ്പെടുന്നത്. എന്നാൽ ഇന്നിത് ജനങ്ങളുടെ നിത്യജീവിതത്തിലെ വൈയക്തികവും സാമൂഹികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ഒഴിച്ചുകൂടാനാവാത്ത ഒരു ഉപകരണമായി മാറിയിരിക്കുന്നു. മൊബൈൽ ഫോണിലൂടെ വെബ്ബ് ബ്രൗസിങ്, ടിക്കറ്റ് ബുക്കിങ്, മൊബൈൽ ബാങ്കിങ്, വീഡിയോ കോളിങ് തുടങ്ങി പത്രം, ടെലിവിഷൻ, റേഡിയോ, സംഗീതം എന്നുവേണ്ട നിരവധി സൗകര്യങ്ങൾ ആസ്വദിക്കാനും ലഭ്യമാക്കാനും നമുക്ക് സാധിക്കുന്നു. ആർക്കും മൊബൈൽ നെറ്റ്‌വർക്കിന്റെ ഭാഗമായി നിന്നുകൊണ്ട് ഏതു സമയത്തും എവിടെവച്ചും ആരുമായും ആശയവിനിമയം നടത്താനുള്ള സൗകര്യം ഇതിലൂടെ ലഭിക്കുന്നു. ആശയവിനിമയത്തിനും സംസ്കാരവിനിമയത്തിനും മൊബൈൽ ഫോൺ നൽകുന്ന സാധ്യതകളും അത് നമ്മുടെ ഭാഷയെയും സംസ്കാരത്തെയും എങ്ങനെ പുനർനിർമിക്കുന്നു എന്നും വിശകലനം ചെയ്യുന്ന പുസ്തകമാണ് “മൊബൈൽ ഫോൺ സംസ്കാരനിർമിതിയുടെ നവമാധ്യമം. ഡോ. ബിനു സചിവോത്തമപുരമാണ് ഈ പുസ്തകത്തിന്റെ ഗ്രന്ഥകർത്താവ്. മൊബൈൽ ഫോണിന്റെ ചരിത്രം, അതിന്റെ സാമൂഹിക പ്രസക്തി എന്നിവ മനസ്സിലാക്കാൻ താൽപ്പര്യമുള്ള വായനക്കാർക്കായി ഈ പുസ്തകം സസന്തോഷം സമർപ്പിക്കുന്നു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് — **പ്രൊഫ. വി. കാർത്തികേയൻ നായർ**
ഡിസംബർ 2019 — **വിദ്യ. എസ്**

## ഒന്നാംപതിപ്പിന്റെ ആമുഖം

**ക**ംപ്യൂട്ടറുമായി ബന്ധപ്പെട്ട ഒട്ടുമിക്ക സാങ്കേതികസംവിധാനങ്ങളും സോഫ്റ്റ്‌വെയറുകളും ഇന്ന് മൊബൈൽ ഫോണിൽ ലഭ്യമാണ്. അങ്ങനെ, സൈബർലോകവും കംപ്യൂട്ടർ സാങ്കേതികലോകവും അക്ഷരാർഥത്തിൽ സാധാരണക്കാരുടെ വിരൽത്തുമ്പിൽ എത്തിക്കഴിഞ്ഞു. ഇതിലൂടെ, വിവരവിനിമയത്തിന്റെ പുതുവഴികൾ തുറക്കുമ്പോൾത്തന്നെ നിത്യജീവിതത്തിലും സംസ്കാരത്തിലും വലിയ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. വാർത്താവിനിമയത്തിന്റെയും വിശകലനത്തിന്റെയും സർഗാത്മക സൃഷ്ടികളുടെയും വിഷയാധിഷ്ഠിതമായ ചെറുകൂട്ടായ്മകളുടെയുമൊക്കെ ലോകങ്ങൾ മൊബൈൽ ഫോണിലൂടെ സജീവമാണ്. ആർക്കും തന്റേതായ ലോകം സൃഷ്ടിക്കാനുള്ള ഇടം അവിടെ ലഭ്യമാണ്. അതിനാൽത്തന്നെ, സാമൂഹിക രാഷ്ട്രീയ സംഭവങ്ങളോട് പ്രതികരിക്കുന്നവരുടെയും അവ ഗൗരവമായി ചർച്ച ചെയ്യുന്നവരുടെയും എണ്ണം ഇന്ന് സൈബർ ലോകത്താണ് കൂടുതൽ. സൈബർ ലോകത്തിലൂടെ മാത്രം വളരുന്ന എഴുത്തുകാരും കലാകാരന്മാരും ഇന്ന് നിരവധിയാണ്. ഈ സംസ്കാരത്തിന്റെ വിശദമായ ഒരു വായനയാണ് ഡോ. ബിനു സചിവോത്തമപുരം രചിച്ച ഈ പുസ്തകം. ആശയവിനിമയത്തിനും സംസ്കാരവിനിമയത്തിനും മൊബൈൽ ഫോൺ നൽകുന്ന സാധ്യതകളും, അത് നമ്മുടെ ഭാഷയെയും സംസ്കാരത്തെയും എങ്ങനെ പുനർനിർമിക്കുന്നു എന്നും ഈ പുസ്തകം വിശകലനം ചെയ്തിരിക്കുന്നു. സംസ്കാരപഠനത്തിലും, മാധ്യമപഠനത്തിലും ഏറെ പ്രാധാന്യമുള്ള ഈ വിഷയത്തെക്കുറിച്ചുള്ള ശ്രദ്ധേയമായ ഈ പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് ചാരിതാർഥ്യമുണ്ട്.

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
**നവംബർ 2017**

**പ്രൊഫ. വി. കാർത്തികേയൻ നായർ**
**വിദ്യ. എസ്**

## മുഖവുര

**ആ**ധുനിക അക്കാദമിക സമൂഹത്തിൽ വളരെ സജീവമായ ഒരു പഠനമേഖലയാണ് നവമാധ്യമ പഠനങ്ങൾ. ഈ വിഷയവുമായി ബന്ധപ്പെട്ട് വ്യത്യസ്ത പഠനശാഖകളെ കൂട്ടിയിണക്കി അന്തർവൈജ്ഞാനിക സമീപനത്തോടുകൂടിയ പഠന പദ്ധതികളാണ് ഇന്ന് ലോകത്ത് നിലവിലുള്ളത്. 1980-കളുടെ തുടക്കം മുതൽത്തന്നെ പാശ്ചാത്യരാജ്യങ്ങളിൽ നവമാധ്യമ പഠനങ്ങൾ ആരംഭിച്ചു. തൊണ്ണൂറുകൾക്കുശേഷമിത് സജീവമായി. രണ്ടായിരത്തിനുശേഷമിതിന്റെ കുത്തൊഴുക്കുതന്നെയുണ്ടായി. ഭാഷ, സാഹിത്യം, സംസ്കാരം, സാങ്കേതികവിദ്യ, മാധ്യമം തുടങ്ങിയ വ്യത്യസ്തങ്ങളായ നിരവധി പഠനമേഖലകൾ ഇന്ന് പൂർണമായോ, ഭാഗികമായോ നവമാധ്യമ കേന്ദ്രീകൃതമാണ്.

കേരളത്തിലെ അക്കാദമികരംഗത്ത് നവമാധ്യമ പഠനങ്ങൾ 2012ന് ശേഷം പരിമിതമായ തോതിലാണെങ്കിലും സജീവമാകാൻ തുടങ്ങി. പല സർവകലാശാലകളിലും ഇന്നിത് സിലബസിന്റെ ഭാഗമാണ്. പരമ്പരാഗത ജേർണലിസം കോഴ്സുകൾ നവമാധ്യമ കേന്ദ്രീകൃതമായി പരിഷ്കരിക്കപ്പെട്ടു തുടങ്ങി. നിരവധി എം.എ., എം.ഫിൽ വിദ്യാർഥികൾ തങ്ങളുടെ പ്രോജക്ടുകൾക്ക് നവമാധ്യമ പഠനം എന്ന വിഷയം തിരഞ്ഞെടുക്കുന്നു. പക്ഷേ, അപ്പോഴും നവമാധ്യമങ്ങളുമായി ബന്ധപ്പെട്ട് ഒരു അടിസ്ഥാന പഠനഗ്രന്ഥം മലയാളത്തിൽ ഇല്ല എന്നത് വലിയൊരു പോരായ്മയാണ്; ഈ വസ്തുത ഉൾക്കൊണ്ടുകൂടിയാണ് ഈ പുസ്തകം തയാറാക്കിയിരിക്കുന്നത്.

വർത്തമാനകാല സമൂഹത്തിന്റെ അടിസ്ഥാനസ്വഭാവം അത് നവമാധ്യമകേന്ദ്രീകൃതമാണ് എന്നതാണ്. സൂക്ഷ്മാർഥത്തിൽ പരിശോധിച്ചാൽ മൊബൈൽ ഫോൺ കേന്ദ്രീകൃത സമൂഹം. നവമാധ്യമങ്ങളുടെ വികസിതരൂപമാണ് മൊബൈൽ ഫോൺ. മാധ്യമ സമന്വയത്തിന്റെ

ഫലമായി ഇതര നവമാധ്യമങ്ങൾ എല്ലാംതന്നെ നവഭാവുകത്വത്തോടെ
മൊബൈൽ ഫോണിൽ ചേക്കേറിയിരിക്കുന്നു. ഡിജിറ്റൽ അസമത്വത്തെ
ലഘൂകരിച്ചു വിവരവിനിമയ സാങ്കേതികവിദ്യകളുടെയും നവമാധ്യമ
ങ്ങളുടെയും ഗുണഫലങ്ങൾ സമൂഹത്തിന്റെ താഴേത്തട്ടിൽവരെയെത്തി
ച്ചത് മൊബൈൽ ഫോൺ ആണ്. ഇത്തരത്തിലുള്ള നിരവധി കാരണ
ങ്ങളാൽ ആധുനിക നവമാധ്യമ പഠനങ്ങൾ മുഖ്യമായും മൊബൈൽ
ഫോൺ കേന്ദ്രീകൃതമാണ്. ജനങ്ങളുടെ വൈയക്തികവും സാമൂഹിക
ജീവിതവുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്ന മൊബൈൽ ഫോണിനെ
അടിസ്ഥാനമാക്കിയുള്ള നവമാധ്യമ പഠനമാണ് 'മൊബൈൽ ഫോൺ:
സംസ്കാര നിർമിതിയുടെ നവമാധ്യമം' എന്ന ഈ പഠന ഗ്രന്ഥം. സാങ്കേ
തികവിദ്യ, സംസ്കാരം, ഭാഷ, മാധ്യമം തുടങ്ങി വ്യത്യസ്ത മേഖലകൾ
ഇവിടെ പരാമർശിക്കുന്നു.

വിപുലമായൊരു പഠനമേഖലയാണ് നവമാധ്യമ പഠനങ്ങൾ.
2013-14 കാലഘട്ടത്തിലാണ് ഗ്രന്ഥരചനയ്ക്കാവശ്യമായ പഠനങ്ങളും
നിരീക്ഷണങ്ങളും നടത്തിയത്. ഈയൊരു കാലഘട്ടത്തെയും സന്ദർഭ
ത്തെയും ഉൾക്കൊണ്ടുവേണം ബഹുമാനപ്പെട്ട വായനക്കാർ ഈ
ഗ്രന്ഥത്തെ സമീപിക്കാൻ. സാങ്കേതികവിദ്യകളെ അടിസ്ഥാനമാക്കിയ
ഏതൊരു പഠനവും നിരന്തരം അപ്ഡേറ്റ് ചെയ്തുകൊണ്ടിരിക്കണം. ഈ
സാഹചര്യത്തിൽ ഓരോ പഠനവും ചരിത്രപരമായ അടയാളപ്പെടുത്തൽ
കൂടിയാണ്. ഈ ഗ്രന്ഥത്തിന് ധാരാളം തുടർച്ചകളുണ്ടാകേണ്ടത് കാല
ഘട്ടത്തിന്റെ ആവശ്യമാണ്. അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ
തന്നെ മലയാളത്തിലെ ഏറ്റവും തിളക്കമാർന്ന പഠനമേഖലയായി നവ
മാധ്യമ പഠനങ്ങൾ മാറും എന്ന കാര്യത്തിൽ സംശയമില്ല. മൊബൈൽ
ഫോൺ ആയിരിക്കും ഇതിന്റെ കേന്ദ്രബിന്ദു. അപ്പോൾ തന്നെ നാം
പ്രത്യേകം ശ്രദ്ധിക്കേണ്ടത് ഇനി മലയാളത്തിൽ ഉണ്ടാകാൻ സാധ്യത
യുള്ള പഠനങ്ങൾ അന്തർവൈജ്ഞാനിക സമീപനത്തോടുകൂടിയതായി
രിക്കണം എന്നതാണ്. കാരണം, അത്തരം പഠനങ്ങൾക്കുമാത്രമേ വരും
കാലങ്ങളിൽ പ്രസക്തിയുള്ളൂ.

നവമാധ്യമ പഠനവുമായി ബന്ധപ്പെട്ട് ഡോ.പി.എസ്. രാധാകൃഷ്ണന്റെ
മാർഗനിർദേശത്തിൽ നടത്തിയ പി.എച്ച്.ഡി ഗവേഷണപഠനത്തിന്റെ
സത്തയെ ഉൾക്കൊണ്ടുകൊണ്ടാണ് ഈ പുസ്തകം രചിച്ചത്. ഗ്രന്ഥ
രചനയുടെ ഓരോ ഘട്ടത്തിലുമുണ്ടായ മാഷിന്റെ നിർദേശങ്ങളും
പ്രോൽസാഹനങ്ങളും എന്നും വിലമതിക്കാനാവാത്തതാണ്. കൂടാതെ

എഴുത്തുവഴികളിൽ എന്നും പ്രോൽസാഹനം നൽകുന്ന ഡോ. കെ.എം.
ബെന്നി , ഡോ. രവിശങ്കർ എസ്. നായർ, സ്കൂൾ ഓഫ് ലറ്റേഴ്സിലെ
പ്രിയപ്പെട്ട അധ്യാപകർ, അനധ്യാപകർ, ലൈബ്രേറിയൻ, സുഹൃത്തു
ക്കൾ കൂടാതെ ഞാനിപ്പോൾ ജോലി ചെയ്യുന്ന ശ്രീ ശങ്കരാചാര്യ
സംസ്കൃത സർവകലാശാല ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിലെ
അധ്യാപകർ, വിദ്യാർഥികൾ തുടങ്ങി എല്ലാവരെയും നന്ദിയോടെ
സ്മരിക്കുന്നു. ഈ പുസ്തകത്തിലെ ഉള്ളടക്കം പലരൂപത്തിൽ വിവിധ
പ്രസിദ്ധീകരണങ്ങളിൽ വന്നതാണ്. അവരോടുമുള്ള നന്ദി രേഖ
പ്പെടുത്തുന്നു. കൂടാതെ ഈ പുസ്തകം പ്രസിദ്ധീകരിക്കാൻ തയാറായ
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു.

**ഡോ. ബിനു സചിവോത്തമപുരം**

# ഉള്ളടക്കം


| | | |
|---|---|---|
| 1. | മൊബൈൽ ഫോൺ: ചരിത്രവും വർത്തമാനവും | 1 |
| 2. | മൊബൈൽ ഫോൺ മാധ്യമം: സിദ്ധാന്തവും പ്രയോഗവും | 45 |
| 3. | വിവരസാങ്കേതിക യുഗം: പഠനം | 77 |
| 4. | സൈബർ സംസ്കാരം | 101 |
| 5. | മൊബൈൽ ഫോൺ: സംസ്കാരനിർമിതിയുടെ നവമാധ്യമം | 107 |
| 6. | എസ്. എം. എസ്:സംസ്കാര നിർമിതിയുടെയും മാധ്യമീകരണത്തിന്റെയും പുതുവഴങ്ങൾ | 135 |
| 7. | നവമാധ്യമ ഭാഷ: പാഠവും പഠനവും | 153 |
| 8. | ഭാഷാഗ്ലോക്കലൈസേഷനും മംഗ്ലീഷ് ഭാഷയും | 173 |
| | ഗ്രന്ഥസൂചി | 191 |
| | പദസൂചി | 202 |

# പദസൂചി

automation - സ്വയംപ്രവർത്തനക്ഷമത
broadcast media - പ്രക്ഷേപണ മാധ്യമം
chatroom - ചാറ്റ്മുറി
citizen journalism - പൗരപത്രപ്രവർത്തനം
code language - രഹസ്യഭാഷ
commodity - ചരക്ക്
commercial platform - വാണിജ്യപ്രതലം
communal memory - സാമൂഹിക സ്മൃതി
communication technologies - വാർത്താവിനിമയ സാങ്കേതികവിദ്യ
communication network - വാർത്താവിനിമയശൃംഖല
cool media - ശീതമാധ്യമം
cultural colonization - സാംസ്കാരിക കോളനിവൽകരണം
cultural determinism - സാംസ്കാരിക നിർണയവാദം
cultural goods - സാംസ്കാരിക ചരക്ക്
cultural identity - സാംസ്കാരിക സ്വത്വം
decoding - വിസങ്കേതനം
determinism - നിർണയവാദം
device convergence - ഉപകരണ സമന്വയം
digital communication - ഡിജിറ്റൽ ആശയവിനിമയം
digital citizen - ഡിജിറ്റൽ പൗരൻ



digital space - ഡിജിറ്റൽ ഇടം
discourse - വ്യവഹാരം
dystexia - പദാന്ധത
electronic commerce - ഇലക്ട്രോണിക് വാണിജ്യം
electronic purse - ഇലക്ട്രോണിക് മടിശ്ശീല
electronic retailer - ഇലക്ട്രോണിക് ചില്ലറവ്യാപാരം
encoding - സങ്കേതനം
extentions of man - മനുഷ്യശേഷികളുടെ വിപുലനം
face to face - മുഖാമുഖം
feed back - പ്രതികരണം
formal language - ഔദ്യോഗിക ഭാഷ
functional literacy - നിർവ്വഹണപരമായ സാക്ഷരത
globalization - ആഗോളീകരണം
global culture - ആഗോള സംസ്കാരം
global job market - ആഗോള തൊഴിൽവിപണി
global village - ആഗോളഗ്രാമം
hegemony - മേൽക്കോയ്മ
homophone - സമാനസ്വനിമം
hot media - ഉഷ്ണമാധ്യമം
hybrid environment - സങ്കരപരിസരം
hybrid language variety - സങ്കര ഭാഷാവൈവിധ്യം
hybrid medium - സങ്കര മാധ്യമം
hybrid postmodern identity - സങ്കര ഉത്തരാധുനികസ്വത്വം
hybrid register - സങ്കര രേഖപ്പെടുത്തൽ
hyper textuality - അധിപാഠപരത
image - പ്രതിബിംബം
informal language - അനൗദ്യോഗിക ഭാഷ
information age - വിവരസാങ്കേതിക യുഗം

information and communication technology - വിവരവിനിമയ സാങ്കേതികവിദ്യ
information culture - വിവര സംസ്കാരം
information literacy - വിവര സാക്ഷരത
information society - വിവര സമൂഹം
information technology - വിവരസാങ്കേതികവിദ്യ
intellectual capital - ബൗദ്ധികമൂലധനം
interface - സമ്പർക്കമുഖം
interpersonal media - വ്യക്ത്യന്തര മാധ്യമം
lexicon - പദകോശം
life style convergence - ജീവിതരീതി സമന്വയം
localization - പ്രാദേശീകരണം
mass media - ബഹുജനമാധ്യമം
media convergence - മാധ്യമ സമന്വയം
media literacy - മാധ്യമ സാക്ഷരത
mobile commerce - മൊബൈൽ വാണിജ്യം
mobile information age - മൊബൈൽ വിവരസാങ്കേതിക യുഗം
mobile life - മൊബൈൽ ജീവിതം
multimedia - ബഹുമാധ്യമം
network convergence - ശൃംഖലാ സമന്വയം
network literacy - ശൃംഖലാ സാക്ഷരത
network society - ശൃംഖലാവൽകൃത സമൂഹം
non linearity - അരേഖീയം
new media - നവമാധ്യമം
numerical representation - സംഖ്യാസംബന്ധിയായ പ്രതിനിധാനം
new digital media - നവഡിജിറ്റൽ മാധ്യമം
one way media - ഏകദിശീയ മാധ്യമം



onomatopoeic - അർഥാനുസാരിയായ ശബ്ദവിന്യാസം
pictogram - ചിത്രലിപി
pluricentric language - ബഹുകേന്ദ്രീകൃത ഭാഷ
post industrial society - വ്യവസായാനന്തര സമൂഹം
pronunciation - ഉച്ചാരണം
public liberty - പൊതുസ്വാതന്ത്ര്യം
punctuation - ചിഹ്നം
reactive token - പ്രതികരണചിഹ്നം
rendezvous - സങ്കേതം
sensory perception - സംവേദനാത്മക നിരീക്ഷണം
seventh mass media - ഏഴാമത്തെ ബഹുജനമാധ്യമം
social media - സമൂഹ മാധ്യമം
social identity - സമൂഹികസ്വത്വം
standardized spelling - മാനകലിപിവിന്യാസം
synthetic life - സംശ്ലേഷണാത്മക ജീവിതം
technological convergence - സാങ്കേതിക സമന്വയം
technological determinism - സാങ്കേതിക നിർണയവാദം
two way media - ദ്വിദിശാ മാധ്യമം
transliteration - ലിപ്യന്തരണം
transmitting language - ഭാഷാപ്രസരണം
virtuality - പ്രതീതിപരത
virtual reality - പ്രതീതിയാഥാർഥ്യം
virtual scene - പ്രതീതിയാഥാർഥ്യ ദൃശ്യം
virtual society - പ്രതീതി യാഥാർഥ്യ ലോകം
virtual space - പ്രതീതി ഇടം
virtual token - പ്രതീതി സൂചകം
virtual literacy - പ്രതീതി സാക്ഷരത
wireless communication network - വയർലെസ് വാർത്താവിനിമയ ശൃംഖല